**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 419** **04-07-2024 - ൽ മറുപടിയ്ക്ക്**

**സീനിയർ സിറ്റിസൺ ഹോംസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ,<br>ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ജനസംഖ്യാനുപാതികമായി മുതിർന്ന പൗരന്മാരുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വൃദ്ധജനങ്ങളെ ഒരുമിച്ച് താമസിപ്പിച്ച് അവർക്ക് ആവശ്യമായ സഹായങ്ങളും സംരക്ഷണവും നൽകുന്നതിനായി സീനിയർ സിറ്റിസൺ ഹോംസ് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ബോർഡ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | മുതിർന്ന പൗരന്മാർക്ക് വേണ്ടി പ്രത്യേക ഭവന പദ്ധതികൾ ആവിഷ്കരിയ്ക്കുന്നതിന്റെ ഭാഗമായി 'സായന്തനം' എന്ന പേരിൽ സകലവിധ സൗകര്യങ്ങളും ആരോഗ്യപരിപാലനവും മാനസികസൗഖ്യവും ഉറപ്പുവരുത്തുന്ന 'സീനിയർ സിറ്റിസൺ ഹോംസ്' നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള കോട്ടയം ഗാന്ധിനഗറിലെ 50.55 സെന്റ് സ്ഥലത്ത് 18 കോട്ടേജുകളും, തിരുവനന്തപുരം നെട്ടയത്തുള്ള 63.66 സെന്റ് സ്ഥലത്ത് ബഹുനില കെട്ടിടവും (74 യൂണിറ്റ്) നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഭവന, നഗരകാര്യ മന്ത്രാലയം (MoHUA) പുറപ്പെടുവിച്ച 'റിട്ടയർമെന്റ് ഹോമുകളുടെ വികസനത്തിനും നിയന്ത്രണത്തിനും' വേണ്ടിയുള്ള മാതൃകാ മാർഗ്ഗനിർദ്ദേശങ്ങളും, RERA നിയമങ്ങളും കർശനമായി അനുശാസിക്കുന്ന രീതിയിൽ ആയിരിക്കും ഭവന നിർമ്മാണ ബോർഡ് മുഖേന ടി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈ പദ്ധതിയ്ക്കായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഫ്ലാറ്റുകളുടെ/ കോട്ടേജുകളുടെ വിൽപന വില ഗുണഭോക്താക്കളിൽ നിന്ന് ശേഖരിച്ച് RERA-യിൽ രജിസ്റ്റർ ചെയ്യുന്ന പദ്ധതിയായാണ് ഇത് നടപ്പിലാക്കുക. |

| | | | |
|---|---|---|---|
| (ബി) | സ്വകാര്യ മേഖലയിലുള്ള റിട്ടയർമെന്റ് ഹോംസ് നടത്തിപ്പുകാർ ഉപഭോക്താക്കളെ അമിത ചൂഷണത്തിന് വിധേയമാക്കുന്നുവെന്ന ആക്ഷേപം നിലനിൽക്കുന്ന സാഹചര്യത്തിൽ ന്യായമായ നിരക്കിൽ മുതിർന്ന പൗരന്മാരെ ഒരുമിച്ച് താമസിപ്പിക്കുന്നതിന് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | സ്വകാര്യ മേഖലയിൽ നിലവിലുള്ള സീനിയർ സിറ്റിസൺസ് ഹോമുകളിൽ നിന്നുള്ള ചൂഷണം ഒഴിവാക്കിക്കൊണ്ട് സർക്കാർ മേഖലയിൽ തന്നെ മുതിർന്ന പൗരൻമാർക്ക് അതിനേക്കാൾ ചെലവ് കുറഞ്ഞ എന്നാൽ മികച്ച സൗകര്യങ്ങൾ നൽകുന്ന സീനിയർ സിറ്റിസൺ ഹോംസ് എന്ന ആശയത്തിനാണ് ഭവനനിർമ്മാണ ബോർഡ് രൂപം നൽകിയിട്ടുള്ളത്. |
| (സി) | ഭവന നിർമ്മാണ ബോർഡ് വഴി ഈ തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനോ നിയമനിർമ്മാണം നടത്തുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | RERA ചട്ടങ്ങൾ അനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനാൽ, പ്രസ്തുത സീനിയർ സിറ്റിസൺ ഹോംസിന്റെ നിർമ്മാണത്തിനായി നിയമ നിർമ്മാണം നടത്തേണ്ട ആവശ്യകത ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ